**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 230 10.12.2012 - ൽ മറുപടിയ്ക്ക്

## പള്ളിക്കര കിക്കാനം സ്വദേശി മനോജിന്റെ മരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | 2012 ആഗസ്റ്റ് 2 ന് പള്ളിക്കര കിക്കാനം സ്വദേശി മനോജിനെ ചവിട്ടിക്കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ; | (ബി) | മനോജ് മരണപ്പെട്ടത് സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 432/12 U/s 143, 147, 148, 341, 323, 324, 506(II), 302 r/w 149 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണത്തിലും, മരണപ്പെട്ട ആളിന്റെ പോസ്റ്റ്മാർട്ടം നടത്തിയ പോലീസ് സർജൻമാർ സാക്ഷ്യപ്പെടുത്തിയതിലും മനോജിന്റെ മരണം ഹൃദയസ്തംഭനമൂലമുള്ള (Death due to Cardiac arrest) സ്വാഭാവിക മരണമാണെന്ന് വെളിവായിട്ടുള്ളതിനാൽ കേസന്വേഷണം പൂർത്തീകരിച്ച് false ആയി പരിഗണിക്കണമെന്നുള്ള വസ്തുത റിപ്പോർട്ട് (factual report) ഇപ്പോൾ പരിശോധനയിലാണ്. |
| (സി) | ആരൊക്കെയാണ് പ്രതികൾ; പ്രതികളിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (സി) & (ഡി) | ടി കേസിന്റെ അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ പ്രതികളായി ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണം എന്താണ്; വിശദമാക്കുമോ? | | |

Joseph
സെക്ഷൻ ഓഫീസർ